## വിജ്ഞാപനം

കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ വിവിധ ബ്ലോക്കുകളിലായി ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ ഒഴിവുകൾ

വയനാട് ജില്ലയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ ബ്ലോക്ക് തലത്തിൽ നിർവ്വഹണത്തിനായി നിലവിലെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ ഒഴിവിലേയ്ക്കായി താഴെപറയും പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ആയതിൻറെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| കോഡ് നം. | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം * | വിദ്യാഭ്യാസ യോഗ്യത | വയസ്/പ്രായ പരിധി | പ്രതിമാസ ശമ്പളം |
|---|---|---|---|---|---|
| ബി.സി.3 | ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ് ) | | ബിരുദം, കംപ്യൂട്ടർ പരിജ്ഞാനം നിർബന്ധം (എം.എസ് വേഡ്, എക്സൽ), വനിതകൾ മാത്രം (കുടുംബശ്രീ അംഗം/കുടുംബാംഗം/ ഓക്സിലറി അംഗം ആയിരിക്കണം) | 30.06.2024 ന് 35 വയസ്സിൽ കൂടാൻ പാടില്ല | 15,000/- രൂപ |

നിയമന രീതി

1. ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം
2. തെരഞ്ഞെടുപ്പ് രീതി - എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിൻറെയും, വെയ്റ്റേജിൻറെയും അടിസ്ഥാനത്തിൽ ആയിരിക്കും
3. അപേക്ഷിക്കുന്ന ബ്ലോക്കിലെ സ്ഥിരതാമസക്കാർ, തൊട്ടടുത്ത ബ്ലോക്കിൽ താമസിക്കുന്നവർ / ജില്ലയിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
4. കുടുംബശ്രീ അംഗം/കുടുംബാംഗം/ഓക്സിലറി അംഗം (വനിതകൾ മാത്രം) ആയിരിക്കണം.
5. ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
6. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റമുണ്ടായേക്കാം

അപേക്ഷ സമർപ്പിക്കേണ്ട വിധം

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ഡിസംബർ 20 വൈകുന്നേരം 5.00 മണിവരെ.

3. ഭാഗികമായി പൂരിപ്പിച്ച/ അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.

4. പരീക്ഷാഫീസായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, വയനാട് ജില്ലയുടെ പേരിൽ മാറാവുന്ന 200 രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. പൂരിപ്പിച്ച അപേക്ഷക്കൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, അയൽക്കൂട്ട അംഗം/ കുടുംബാംഗം/ ഓക്സിലറി ഗ്രൂപ്പ് അംഗം ആണെന്നതിനും വെയ്റ്റേജ് മാർക്കിന് അർഹതപ്പെട്ട അപേക്ഷക ആണെന്നതിനും സി.ഡി.എസിൻറെ സാക്ഷ്യപത്രവും ഡിമാൻറ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.

6. യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.
7. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ "കുടുംബശ്രീ ബി.സി.3 ഒഴിവിലേയ്ക്കുള്ള അപേക്ഷ" എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം-

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,
കുടുംബശ്രീ ജില്ലാ മിഷൻ,
2-ാം നില, പോപ്പുലർ ബിൽഡിംഗ്, സിവിൽ സ്റ്റേഷന് എതിർവശം
കൽപ്പറ്റ നോർത്ത് 673122
ടെലിഫോൺ 04936 206589, 04936 299370

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,
വയനാട് ജില്ല, കുടുംബശ്രീ

04.12.2024
കൽപ്പറ്റ